# അഫ്ഗാനിസ്ഥാന്റെ ചുമതലയുള്ള വിദേശകാര്യ മന്ത്രിയുമായി വിദേശകാര്യ സെക്രട്ടറിയുടെ കൂടിക്കാഴ്ച

ജനുവരി 08, 2025

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ദുബായിൽ അഫ്ഗാനിസ്ഥാന്റെ ചുമതലയുള്ള വിദേശകാര്യ മന്ത്രി മൗലവി അമീർ ഖാൻ മുത്താഖിയുമായി ഇന്ന് കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി ബന്ധവും പ്രാദേശിക വികസനവും സംബന്ധിച്ചുള്ള വിവിധ വിഷയങ്ങൾ ഇരുപക്ഷവും ചർച്ച ചെയ്തു.

2. അഫ്ഗാൻ ജനതയുമായുള്ള ഇന്ത്യയുടെ ചരിത്രപരമായ സൗഹൃദത്തെയും ഇരു രാജ്യങ്ങളിലെയും ജനങ്ങൾ തമ്മിലുള്ള ശക്തമായ ബന്ധത്തെയും കുറിച്ച് വിദേശകാര്യ സെക്രട്ടറി എടുത്തുപറഞ്ഞു.  ഈ സന്ദർഭത്തിൽ, അഫ്ഗാൻ ജനതയുടെ അടിയന്തിര വികസന ആവശ്യങ്ങൾക്ക് പ്രതികരിക്കാനുള്ള ഇന്ത്യയുടെ സന്നദ്ധത അദ്ദേഹം അറിയിച്ചു.

3. ഇന്ത്യൻ മാനുഷിക സഹായ പരിപാടികളുടെ പുരോഗതി ഇരുപക്ഷവും വിലയിരുത്തി.  അഫ്ഗാനിസ്ഥാനിലെ ജനങ്ങളുമായി ഇടപഴകുന്നതും അവർക്ക് പിന്തുണ നൽകുന്നതും തുടരുന്നതിന് ഇന്ത്യൻ നേതൃത്വത്തെ അഫ്ഗാൻ മന്ത്രി അഭിനന്ദിക്കുകയും നന്ദി അറിയിക്കുകയും ചെയ്തു.  വികസന പ്രവർത്തനങ്ങളുടെ നിലവിലെ ആവശ്യം കണക്കിലെടുത്ത്, നിലവിലുള്ള മാനവീയ സഹായ പദ്ധതിക്ക് പുറമേ, സമീപഭാവിയിൽ വികസന പദ്ധതികളിൽ ഏർപ്പെടുന്നതും പരിഗണിക്കുമെന്ന് ഇന്ത്യ തീരുമാനിച്ചു.

4. അഫ്ഗാൻ ജനതയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, അഫ്ഗാനിസ്ഥാന് മാനുഷിക സഹായം നൽകുന്നത് ഇന്ത്യ തുടർന്നേക്കാം. 50,000 മെട്രിക് ടൺ ഗോതമ്പ്, 300 ടൺ മരുന്നുകൾ, 27 ടൺ ഭൂകമ്പ ദുരിതാശ്വാസ സഹായം, 40,000 ലിറ്റർ കീടനാശിനികൾ, 100 ദശലക്ഷം പോളിയോ ഡോസുകൾ, 1.5 ദശലക്ഷം ഡോസ് കോവിഡ് വാക്സിൻ, 11,000 യൂണിറ്റ് ശുചിത്വ വിമുക്ത കിറ്റുകൾ, 500 യൂണിറ്റ് ശൈത്യകാല വസ്ത്രങ്ങൾ 1.2 ടൺ സ്റ്റേഷനറി കിറ്റുകൾ

മുതലായവ ഉൾപ്പെടുന്ന നിരവധി ഷിപ്പ്മെന്റുകൾ ഇന്ത്യ ഇതുവരെ അയച്ചിട്ടുണ്ട്.

5. അഫ്ഗാന്റെ അഭ്യർത്ഥന മാനിച്ച് ആരോഗ്യ മേഖലയ്ക്കും അഭയാർത്ഥികളുടെ പുനരധിവാസത്തിനും ഇന്ത്യ ആദ്യ ഘട്ടത്തിൽ കൂടുതൽ മെറ്റീരിയൽ പിന്തുണ നൽകും.  അഫ്ഗാനിസ്ഥാനിലെ യുവതലമുറ ഏറെ വിലമതിക്കുന്ന കായിക (ക്രിക്കറ്റ്) സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ചും ഇരുപക്ഷവും ചർച്ച ചെയ്തു. അഫ്ഗാനിസ്ഥാന് മാനുഷിക സഹായം ഉൾപ്പെടെയുള്ള വ്യാപാര വാണിജ്യ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനായി ചബഹാർ തുറമുഖത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കാനും ധാരണയായി.

6.  ഇന്ത്യയുടെ സുരക്ഷാ ആശങ്കകളോടുള്ള സംവേദനക്ഷമത അഫ്ഗാൻ പക്ഷം അടിവരയിട്ടു.  സമ്പർക്കവും വിവിധ തലങ്ങളിലുള്ള പതിവ് ബന്ധവും തുടരാൻ ഇരുപക്ഷവും സമ്മതിച്ചു.

ദുബായ്

ജനുവരി 08, 2025